## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

07.12.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 2848

## ക്ഷീര കർഷകർക്ക് കറവയന്ത്രം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റോജി എം. ജോൺ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്താൻ സർക്കാർ ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) ഉരുക്കൾ പ്രളയത്തിൽ നഷ്ടപ്പെട്ടവർക്ക് കണ്ടിജൻസി ഫണ്ട് ഇനത്തിൽ 24.9 ലക്ഷം രൂപ നൽകുകയും, പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുതിനുള്ള 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 450 ലക്ഷം രൂപയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കൂടാതെ, 22 കോടി രൂപയുടെ പ്രത്യേക ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പ്രോഗ്രാം പ്രളയ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നുണ്ട് |
| (ബി) അഞ്ചിൽ കൂടുതൽ പശുക്കളുള്ള കർഷകർക്ക് കറവയന്ത്രം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ യന്ത്രം ലഭിക്കുന്നതിനായി കർഷകർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) നടപ്പിലാക്കിയിട്ടുണ്ട്. കറവയന്ത്രം വാങ്ങുന്നതിന് കറവയന്ത്രത്തിന്റെ വിലയുടെ 50% പരമാവധി 25,000/- രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷ അപേക്ഷകൻ താമസിക്കുന്ന ബ്ലോക്കിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റിൽ നൽകിയാൽ മതിയാകും. കൂടാതെ കർഷകർക്ക് അടുത്തുള്ള മൃഗാശുപത്രിയിലും അപേക്ഷ നൽകാം. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ ക്ഷീര മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) അങ്കമാലി മണ്ഡലത്തിൽ ക്ഷീരമേഖലയിൽ ആവിഷ്കരിച്ച പദ്ധതികളുടെ വിശദ വിവര ങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## അങ്കമാലി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

## 2016-17

2016-17 സാമ്പത്തിക വർഷത്തിൽ അങ്കമാലി നിയോജക മണ്ഡലത്തിൽ ഗ്രാമീണ വിജ്ഞാപന വ്യാപന പ്രവർത്തനത്തിലുൾപ്പെടുത്തി കർഷക സമ്പർക്ക പരിപാടികൾ, പാൽ ഗുണനിയന്ത്രണ ബോധവത്ക്കരണ പരിപാടികൾ, ബ്ലോക്ക് ക്ഷീര സംഗമം തുടങ്ങി വിവിധ ഇനങ്ങളിലായി 0.76 ലക്ഷം രൂപ, ക്ഷീര സംഘങ്ങളുടെ നവീകരണം പദ്ധതി പ്രകാരം പാൽ പരിശോധന ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും ആവശ്യാധിഷ്ഠിത പദ്ധതി സഹായം, തുടങ്ങിയ വിവിധ പദ്ധതികൾക്കായി 3.39 ലക്ഷം രൂപ, തീറ്റപ്പുൽകൃഷി വികസന പദ്ധതി പ്രകാരം 0.712 ലക്ഷം രൂപ, മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം പശുക്കളെ വാങ്ങുന്നതിനും, കാലിത്തൊഴുത്ത് നിർമ്മാണം / നവീകരണം, മിൽക്കിംഗ് മെഷീൻ തുടങ്ങിയ വിവിധ പദ്ധതികൾക്കായി 36.17 ലക്ഷം രൂപ, കടക്കെണിയിലായ കർഷകർക്കായുള്ള ധനസഹായമായി 2.48 ലക്ഷം രൂപ, എന്നിങ്ങനെ ആകെ 46.6 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. എസ്.സി.എ. ടു എസ്.സിപി പദ്ധതി പ്രകാരം നാല് മിനി ഡയറി യൂണിറ്റുകൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി പാലിന് ഇൻസെന്റീവ് പദ്ധതി പ്രകാരം 21.25 ലക്ഷം രൂപയുടെ സബ്സിഡി നൽകിയിട്ടുണ്ട്.

## 2017-18

2017-18 സാമ്പത്തിക വർഷത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനത്തിലുൾപ്പെടുത്തി കർഷക സമ്പർക്ക പരിപാടികൾ, പാൽഗുണനിയന്ത്രണ ബോധവത്ക്കരണ പരിപാടികൾ, ബ്ലോക്ക് ക്ഷീര സംഗമം തുടങ്ങി വിവിധ ഇനങ്ങളിലായി 0.67 ലക്ഷം രൂപ, ക്ഷീര സംഘങ്ങളുടെ നവീകരണം പദ്ധതി പ്രകാരം പാൽ പരിശോധന ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും ആവശ്യാധിഷ്ഠിത പദ്ധതി സഹായം, തുടങ്ങിയ വിവിധ പദ്ധതികൾക്കായി 7.42 ലക്ഷം രൂപ, തീറ്റപുൽകൃഷി വികസന പദ്ധതി പ്രകാരം 3.17 ലക്ഷം രൂപ, മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം പശുക്കളെ വാങ്ങുന്നതിനും, കാലിത്തൊഴുത്ത് നിർമ്മാണം / നവീകരണം, മിൽക്കിംഗ് മെഷീൻ തുടങ്ങിയ വിവിധ പദ്ധതികൾക്കായി 9.18 ലക്ഷം രൂപ എന്നിങ്ങനെ ആകെ 20.54 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. എസ്.സി.എ ടു എസ്.സി.പി പദ്ധതി പ്രകാരം ഒരു മിനി ഡയറി യൂണിറ്റ് നൽകിയിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി പാലിന് ഇൻസെന്റീവ് പദ്ധതി പ്രകാരം 37.44 ലക്ഷം രൂപയുടെ സബ്സിഡി നൽകിയിട്ടുണ്ട്.

## 2018-19

2018-19 സാമ്പത്തിക വർഷത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ ഗ്രാമീണ വിജ്ഞാപന വ്യാപന പ്രവർത്തനത്തിലുൾപ്പെടുത്തി കർഷക സമ്പർക്ക പരിപാടികളും, തീറ്റപ്പുൽകൃഷി വികസന പദ്ധതി പ്രകാരം തീറ്റപ്പുൽക്കട വിതരണവും അസോള കിറ്റ് വിതരണവും നടപ്പിലാക്കിയിട്ടുണ്ട്. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഒരു പശു, രണ്ട് പശു, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ വിവിധ പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നു. പ്രളയദുരിതാശ്വാസമായി മിൽക്ക് ഷെഡ് വികസന പദ്ധതി പ്രത്യേക പുനരധിവാസ പദ്ധതി പ്രകാരം ഒരു പശു, രണ്ട് പശു, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം എന്നിവ നടപ്പിലാക്കി വരുന്നു.

1. കന്നുകുട്ടികൾക്ക് ഫീഡ് സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലുൾപ്പെട്ട കാഫ് അഡോപ്ഷൻ പ്രോഗ്രാം (517 കർഷകർക്ക്), ഗോവർദ്ധിനി സ്കീം (861 കർഷകർക്ക്), സ്പെഷ്യൽ ഗോവർദ്ധിനി സ്കീം (75 കർഷകർക്ക്) എന്നീ പദ്ധതികൾ.
2. കന്നുകാലികൾക്കും ഒപ്പം ഉടമയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന എൻ.എൽ.എം. പ്ലസ് (150 കർഷകർക്ക്), ഗോസമൃദ്ധി പ്ലസ് (314 കർഷകർക്ക്) എന്നീ പദ്ധതികൾ.
3. പൊതുവിഭാഗത്തിലെ 641 കർഷകർക്ക് 50 ശതമാനവും 45 പട്ടികജാതി / പട്ടികവർഗ്ഗ കർഷകർക്ക് 70 ശതമാനവും പ്രീമിയം തുകയിൽ സബ്സിഡി നൽകി കന്നുകാലികൾക്ക് 50,000/- രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ ക്യാറ്റിൽ ഇൻഷ്വറൻസ് സ്കീം, ഗോസമൃദ്ധി എന്നീ പദ്ധതികൾ.
4. കന്നുകാലികൾക്ക് സമഗ്രമായ ആരോഗ്യരക്ഷ പരിശോധന ക്യാമ്പുകൾ കർഷകരുടെ സമീപ സൊസൈറ്റികളിൽ സംഘടിപ്പിക്കുന്ന comprehensive Healt Care Programme പദ്ധതി പ്രകാരം 7 ക്യാമ്പുകൾ.
5. കന്നുകാലികളിലെ വന്ധ്യതയുമായി ബന്ധപ്പെട്ട് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പരിശോധന, മരുന്ന്, ചികിത്സ എന്നിവയെല്ലാം നൽകുന്ന വന്ധ്യതാ നിവാരണ ക്യാമ്പുകൾ നടത്തുന്ന സ്കീമിന്റെ 14 യൂണിറ്റ്.
6. 2016-17 വർഷത്തിൽ സംസ്ഥാനത്ത് അനുഭവപ്പെട്ട സൂര്യതാപം മൂലം കന്നുകാലികൾക്ക് ഉണ്ടായ ആരോഗ്യപ്രശ്നങ്ങളും ഉല്പാദനക്കുറവും പരിഹരിക്കുന്നതിനായി ആവശ്യമരുന്നുകളും കർഷകർക്ക് ബോധവൽക്കരണവും നൽകുന്നതിനായി ആവിഷ്കരിച്ച Heat Stress Control സ്കീം (15,000/- രൂപ)
7. ക്ഷീരകർഷകർക്ക് ചാണകം സംഭരിച്ച് വളമായി പുനരുപയോഗിക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ ചാണകസംഭരണി നിർമ്മിക്കുന്നതിന് സബ്സിഡി നൽകുന്ന സ്കീം (4 കർഷകർക്ക് 12,500 രൂപ വീതം)

8. അങ്കമാലി ബ്ലോക്കിൽ മഞ്ഞപ്ര മൃഗാശുപത്രി മുഖേന കർഷക അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന ബ്ലോക്ക്തല വിജ്ഞാന വ്യാപന പ്രോഗ്രാം പദ്ധതിയുടെ 3 യൂണിറ്റ് (6 ക്ലാസ് - ആകെ 42,000/- രൂപ ചെലവഴിച്ചു)

9. 2015-16 സാമ്പത്തിക വർഷം മുതൽ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട കർഷകർ എടുത്തിരിക്കുന്ന വായ്പകളിൽ അടച്ച പലിശയിൽ പരമാവധി അയ്യായിരം രൂപവരെ സബ്സിഡി നൽകുന്ന പദ്ധതി.

10. കന്നുകാലികൾക്ക് കുളമ്പുരോഗത്തിൽ നിന്ന് രക്ഷ ഉറപ്പാക്കുന്നതിനായി പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന കുളമ്പുരോഗ കുത്തിവെയ്പ്പ് യജ്ഞം.

11. കറവയന്ത്രം സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി (6 കർഷകർക്ക് 25,000/- രൂപ വീതം)

**സെക്ഷൻ ഓഫീസർ**